**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2820** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വകുപ്പ് തല അന്വേഷണം കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിന് Online Co-operative Inspection Management Application (CIMA) സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നടത്തുന്ന വകുപ്പ് 65, 66, 68(1), 68(2) എന്നീ വകുപ്പ് തല അന്വേഷണങ്ങളുടെ അവലോകനം എല്ലാ മാസവും നടത്തി വരുന്നു. |
| (ബി) | സഹകരണ സംഘങ്ങളിൽ പണയം വയ്ക്കുന്ന സ്വർണ്ണ ഉരുപ്പടികളുടെ മാറ്റ് (പ്യൂരിറ്റി) പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | സ്വർണ്ണപ്പണ്ട പണയ വായ്പ അനുവദിക്കുമ്പോൾ ഈടായി സ്വീകരിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ടി തൊഴിലിൽ പ്രാവീണ്യമുള്ള അപ്രൈസർമാരുടെ സേവനം ലഭ്യമാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന് പുറത്തുള്ള പ്രൈസർമാരുടെ സേവനം ഉപയോഗപ്പെടുത്തി വകുപ്പ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. നിലവിൽ |

| | | | |
|---|---|---|---|
| | | | സംഘം തലത്തിൽ ഉള്ള അപ്രൈസർ അല്ലെങ്കിൽ പരിശീലനം ലഭിച്ച സംഘം സ്റ്റാഫ് സ്വർണ്ണ പണയ ഉരുപ്പടികളുടെ ഗുണനിലവാരം പരിശോധിക്കുകയും ഗോൾഡ് പ്യൂരിഫൈയിംഗ് മെഷീൻ ഉപയോഗിച്ചും മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു. കൂടാതെ സംഘം ഭരണസമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതിക്ക് ടി വിഷയത്തിൽ ഉത്തരവാദിത്വം നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളും ഓരോ മൂന്നുമാസം കൂടുമ്പോഴും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സെക്രട്ടറി/ ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട പരിശോധന കമ്മിറ്റി രൂപീകരിച്ച് ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്രമക്കേട് കണ്ടെത്തിയ കാര്യങ്ങളിൽ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സർക്കിൾ സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ സഹകരണസംഘം സെക്രട്ടറിമാർക്കും ജീവനക്കാർക്കും സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിനുള്ള വിദഗ്ധ ക്ലാസ്സുകൾ നൽകുന്നുണ്ട്. അപ്രകാരം പരിശീലനം നൽകുന്നതുവഴി സ്വർണ്ണപ്പണയവായ്പയിലെ തട്ടിപ്പുകൾ തടയാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ